# റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ

**www.rbi.org.in**

മാർച്ച് 9, 2018

## റിസർവ് ബാങ്ക് വിസിറ്റിംഗ് ഫെല്ലോ പ്രോഗ്രാം പ്രഖ്യാപിക്കുന്നു

വിദേശരാജ്യങ്ങളിലെ കേന്ദ്രബാങ്കുകൾ, അന്തർദേശീയസ്ഥാപനങ്ങൾ, വിദേശസർവകലാശാലകൾ, വിദേശത്തുള്ള മറ്റ് ഗവേഷണസ്ഥാപനങ്ങൾ എന്നിവയിൽ നിന്നുള്ള വിദഗ്ദ്ധർക്കായി റിസർവ് ബാങ്ക് 'ആർ.ബി.ഐ. വിസിറ്റിംഗ് ഫെല്ലോ പ്രോഗ്രാം' പ്രഖ്യാപിക്കുന്നു. ഈ പദ്ധതിയുടെ പ്രധാന കാര്യങ്ങൾ ഇതോടൊപ്പമുണ്ട്. താല്പര്യമുള്ളവർ സി.വി., ഗവേഷണനിർദ്ദേശം എന്നിവയോടൊപ്പമുള്ള അപേക്ഷ ഇ-മെയിലിൽ അയയ്ക്കേണ്ടതാണ്.

**ജോസ് ജെ. കാട്ടൂർ**
ചീഫ് ജനറൽ മാനേജർ

**പത്രപ്രസ്താവന: 2017-2018/2413**

'ആർ.ബി.ഐ. വിസിറ്റിംഗ് ഫെല്ലോ പ്രോഗ്രാം'

i) വിസിററിംഗ് ഫെല്ലോയ്ക്ക് ഇക്കണോമിക്സിലോ, ഫിനാൻസിലോ ഒരു വിദേശ അംഗീകൃതസർവകലാശാല യിൽനിന്നുള്ള പി.എച്ച്.ഡി. ബിരുദം ഉണ്ടായിരിക്കണം, 3 വർഷത്തിൽ കുറയാത്ത വിദേശത്തുള്ള ഗവേഷണ പരിചയവും വേണം, പ്രമുഖ അംഗീകൃതറിസർച്ച് ജേണലുകളിൽ ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ടാകണം.

ii) നിർദ്ദിഷ്ട വിസിററിംഗ് ഫെല്ലോ ആകാൻ ആഗ്രഹിക്കുന്നവർ 1000 വാക്കിൽ കുറയാത്ത അവരുടെ ഗവേഷണപ്രപ്പോസലും, കരിക്കുലം വിവരങ്ങളും (സി.വി.) അയക്കേണ്ടതാണ്.

iii) സി.വി.യുടെ സംയുക്തപരിശോധന, ശുപാർശചെയ്യുന്ന കത്ത്, ഗവേഷണ പ്രപ്പോസലിൻറെ ഗുണനിലവാരം എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കും

iv) യോഗ്യരാകുന്ന വിസിറ്റിംഗ് ഫെല്ലോകൾക്ക് മാക്രോ ഇക്കണോമിക് ഫോർകാസ്റ്റിംഗ് ആൻറ് അനാലിസിസ്, പണനയം, ബാങ്കിംഗ്/ഫിനാൻഷ്യൽ ഇന്ററർമീഡിയേഷൻ, ഫിനാൻഷ്യൽ സ്റ്റെബിലിറ്റി, ഇന്ത്യയുടെ കാര്യത്തിൽ പ്രസക്തമായ മറ്റ് സ്ഥൂലവും, ഘടനാപരവുമായ സബ്ജക്ടുകൾ, എമർജിംഗ് മാർക്കറ്റ് ഇക്കണോമിക്സ് തുടങ്ങിയ വിഷയങ്ങളിൽ ഒറ്റയ്ക്കോ, ആർബിഐ കേന്ദ്ര ഓഫീസിലെ ഗവേഷകരുമായി ചേർന്നോ ഗവേഷണം പൂർത്തിയാക്കാൻ കഴിയും.

v) ഇക്കണോമി ക്ലാസ് വിമാന ചാർജ്, മുംബയിൽ താമസിക്കുന്ന സമയത്ത് യോഗ്യമായ താമസ സൗകര്യം, നിത്യജീവിതത്തിനുള്ള അലവൻസ് എന്നിവ ആർ.ബി.ഐ. നൽകും. പ്രോജക്ട് വിജയകരമായി പൂർത്തിയാക്കുമ്പോൾ ഒരു ഓണറേറിയവും ലഭിക്കും.

vi) വിസിറ്റിംഗ് ഫെല്ലോ 2-3 മാസം കൊണ്ട് പ്രോജക്ട് പൂർത്തിയാക്കണം. അവർ മുഴുവൻ സമയവും മുംബയിൽ തങ്ങണമെന്നില്ല. അവർ രണ്ടിൽ കൂടുതൽ തവണയാകാതെ പകുതി കാലാവധി സമയം മുംബയിലെ കേന്ദ്ര ഓഫീസിൽ ഉണ്ടാകണം.

vii) പ്രോജക്ട് പൂർത്തിയാക്കുമ്പോൾ, വിസിറ്റിംഗ് ഫെല്ലോ റിസർവ് ബാങ്ക് ഒഫ് ഇൻഡ്യയുടെ ഒരു സെമിനാറിൽ തങ്ങളുടെ ഗവേഷണം അവതരിപ്പിക്കണം. അത് റിസർവ് ബാങ്കിന്റെ വർക്കിംഗ് പേപ്പറായി പ്രസിദ്ധീകരിക്കുകയും, ഒടുവിൽ റിസർവ് ബാങ്കിന്റെ ഒക്കേഷണൽ പേപ്പറുകളിൽ ഉൾപ്പെടുത്തുകയും ചെയ്യും.

viii) ഒരു സാമ്പത്തിക വർഷത്തിൽ (ജൂലൈ - ജൂൺ) നാല് വിസിറ്റിംഗ് ഫെല്ലോമാരെ വരെ പരിഗണിക്കുന്നതാണ്. ഏതു വർഷവും ഇതിൽ മാറ്റം വരുത്തുവാൻ ആർ. ബി. ഐയ്ക്ക് അധികാരം ഉണ്ടാകും.

ix) ആർ.ബി.ഐ. വിസിറ്റിംഗ് ഫെല്ലോ പ്രോഗ്രാമിന്റെ അപേക്ഷകൾ വർഷം മുഴുവൻ സ്വീകരിക്കും. ഇരുവർക്കുമുള്ള സൗകര്യം നോക്കി ഷെഡ്യൂൾ തീരുമാനിക്കും. സി.വി. അടക്കമുള്ള അപേക്ഷയും, ഗവേഷണ നിദ്ദേശവും ഇ-മെയിൽ വഴി അയയ്ക്കാവുന്നതാണ്.